പത്രങ്ങളുടെ പേരിൽ നടപടി.

*നമ്പർ [നമ്പർ] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൻ & ഫ-ലെ പ്രസ്സ് ആക്ടും അനുസരിച്ച് ഏതെങ്കിലും പത്രങ്ങളുടേയോ മാസികകളുടേയോ പേരിൽ ഇക്കൊല്ലം വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു പ്രസിദ്ധീകരണങ്ങളുടെ പേരിൽ; എന്തു നടപടി കൈക്കൊണ്ടു; അതിനുള്ള കാരണമെന്തു?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ഉണ്ട്.

(ബി) (ഫ) എറണാകുളത്തുനിന്നും, ശ്രീ. കെ. ബി. മുഹമ്മദ് അച്ചടിച്ചു് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ഡെയിലി മെയിൽ എന്ന ദിനപ്പത്രത്തിന്റെ പേരിൽ.

പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ആഫ് ബുക്ക്സ് ആക്ടിന്റെ സെക്ഷൻ ഫന്റ (എ) വകുപ്പുപ്രകാരം മേൽ നടപടിക്കായി എറണാകുളം സൌത്ത് സ്റ്റേഷൻ പോലീസ് ഇൻസ്പെക്ടർക്ക് കൽപ്പന കൊടുത്തു. പ്രസ്സ് ആക്ടിന്റെ സെക്ഷൻ ഫഫ (എ) വകുപ്പുപ്രകാരം പത്രത്തിന്റെ കാപ്പികൾ തൃശ്ശൂർ ഡിസ്ട്രിക്ടിന്റെ മജിസ്ട്രേട്ടിനു് അയയ്ക്കാതിരുന്നതിനു്.

(ഫ) ഓമന, തനിനിറം, സരോജം എന്നീ മാസികകളുടെ പേരിൽ. മേൽപ്പറഞ്ഞ മാസികകളുടെ പേരിൽ അവയുടെ പ്രവർത്തകരോടു് ജാമ്യത്തുക വയ്ക്കുന്നതിനാവശ്യപ്പെടുന്ന അപേക്ഷകൾ അതിനധികാരമുള്ള കോടതികളുടെമുമ്പാകെ സമർപ്പിക്കുന്നതിനു് അന്യായങ്ങൾ തയാറാക്കിക്കഴിഞ്ഞു. ഫൻ & ഫ-ലെ പ്രസ്സ് (ഒബ് ജക്ഷനബിൾ മാറ്റർ) ആക്ടിന് അനുശാസിക്കുന്നവിധത്തിലുള്ള തടസ്സങ്ങളുടെ പട്ടിക മുതലായതു് ശരിപ്പെടുത്തി വളരെ വേഗത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നുണ്ടു്. അശ്ലീലവും അസാന്മാർഗ്ഗികവും പൊതുവെ ആക്ഷേപകരവുമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചതുകൊണ്ടു്.

വർക്കിംഗ് ജേർണലിസ്റ്റുകളുടെ സ്ഥിതിഗതികൾ.

*നമ്പർ. [൪൦] ശ്രീ. എൻ. നീലകണ്ഠപിള്ള പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ വർക്കിംഗ് ജേർണലിസ്റ്റുകളുടെ സ്ഥിതിഗതിയെക്കുറിച്ചു് അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനു ഇതുവരെ കമ്മിറ്റിയെ നിയമിക്കാത്തതു് എന്തുകൊണ്ടാണു്;

(ബി) എന്നത്തേക്കു് നിയമനം നടപ്പിൽ വരുത്താനാണു് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്;

(സി) കേന്ദ്ര പ്രസ്സ് കമ്മീഷന്റെ നിയമനംമൂലം പ്രത്യേകം ഇവിടത്തേയ്ക്കു് ഒരു കമ്മിറ്റിയുടെ ആവശ്യമില്ലാതായിത്തീർന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly